# തന്മ, ശരീരം, കാമന മാധവിക്കുട്ടിയുടെ കഥകളിൽ

**ഫാത്തിമ ആർ.വി.**
ഗവേഷക, സാഹിത്യപഠനം
മലയാളസർവ്വകലാശാല, തിരൂർ
E-mail: fathimarv1981@gmail.com

**സംഗ്രഹം**

സമൂഹത്തിലെ ധാർമ്മിക കപടതകളെ തുറന്നുകാട്ടുന്ന രീതിയിലുള്ള രചനകളായിരുന്നു മാധവിക്കുട്ടിയുടേത്. ലൈംഗികതയെപ്പറ്റി ശരിയായ ധാരണയുള്ളവർ വളരെ വിരളമാണെന്നും, അതുള്ളവരിൽ ഏറിയ പങ്കും സ്ത്രീകളാണെന്നും, പുരുഷമേധാവിത്വവും അതിന്റെ സ്വാർത്ഥതയും ഈ അറിവിന്റെ ഒരംശംപോലും സ്വായത്തമാക്കാൻ സ്ത്രീയെ അനുവദിക്കുന്നില്ലെന്നുമുള്ള സമകാലിക യാഥാർത്ഥ്യത്തെ തന്റെ കഥകളിലൂടെയും ആത്മകഥാസ്പർശിയായ രചനകളിലൂടെയും അവർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ലൈംഗികതയെ, മാധവിക്കുട്ടിക്കത് ശരീരമർഹിക്കുന്ന ആനന്ദത്തിനുള്ള വഴിയായിട്ടാണ്. ദാമ്പത്യത്തിൽ പോലും ഈ വഴി അജ്ഞതയുടെയും ഭയത്തിന്റെയും പുരുഷസ്വാർത്ഥതയുടെയും സ്ഥിതിവിശേഷമായാണ് ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നത്. ഉച്ഛിഷ്ടം കഴിക്കുംപോലെ ഭാര്യാധർമം നിർവഹിക്കേണ്ടിവരുന്ന സ്ത്രീകളുടെ ഭർത്താക്കന്മാർക്ക് സ്നേഹമെന്തെന്നറിയില്ല. എന്റെ സ്നേഹത്തിനർഹനായ ഒരു പുരുഷനും ഭൂമിമലയാളത്തിലില്ല എന്നൊക്കെ അവർ പറയുമ്പോൾ സ്ത്രീപുരുഷലൈംഗികതയുടെ വ്യത്യാസങ്ങളെയും അവയെ സ്വരൂപിപ്പിക്കാനറിയുന്നവർക്ക് അനുഭവവേദ്യമായ ആനന്ദത്തെയുമാണ് മാധവിക്കുട്ടി സൂചിപ്പിക്കുന്നത്. മാധവിക്കുട്ടിയുടെ പട്ടങ്ങൾ, തരിശുനിലം, പാതിവ്രത്യം, ചതുരംഗം എന്നീ നാലു കഥകളാണ് ഇവിടെ പഠനത്തിന് ആധാരമായെടുത്തിരിക്കുന്നത്. സോഷ്യൽ ഫെമിനിസത്തിന്റെ രീതിശാസ്ത്രത്തിൽ ഊന്നിക്കൊണ്ടുള്ള രചനാസങ്കേതങ്ങളാണ് ഉപയോഗിക്കുന്നത്.

**താക്കോൽവാക്കുകൾ:** പെണ്മ, ഉടൽ, പ്രണയം, അധികാരം, സ്ത്രീവാദം, ലൈംഗികത


ISSN: 2582 - 2594

**ആമുഖം**

മലയാളസാഹിത്യലോകത്തിനു പരിചിതമായ ഒരു സ്ത്രീസ്വത്വത്തെയല്ല മാധവിക്കുട്ടി അവതരിപ്പിച്ചത്. എന്നാൽ തീർത്തും അപരിചിതരുമല്ല അവർ, സ്വത്വത്തിന്റെ പലതരം പ്രതിനിധാനങ്ങളായവർ കഥകളിൽ നിറഞ്ഞുനിന്നു. സമൂഹത്തിന്റെയും കുടുംബത്തിന്റെയും മൂല്യങ്ങളുടെയും ഇടങ്ങളിൽ അന്യവത്ക്കരിക്കപ്പെട്ടവരായി തങ്ങളെത്തന്നെ മനസ്സിലാക്കുമ്പോൾ ഈ അപരിചിതത്വം തീവ്രമാകുന്നു. അതേസമയം, വിദഗ്ധമായി, അതിസൂക്ഷ്മമായി സ്വന്തം കാമനകളെ, ഐന്ദ്രിയതകളെ, വിഭ്രമാത്മകതകളെ, സ്വപ്നാടനങ്ങളെ പോറ്റിവളർത്തുകയും ചെയ്യുന്നു. ഈ ദ്രുപ്രക്രിയകളും തന്നിൽത്തന്നെയുള്ള അപരത്തെയും ആത്മത്തെയും മൂല്യദൃഷ്ടിയിൽ നിരീക്ഷിക്കലും കാമനകളെ വളർത്തിയെടുക്കലും പരസ്പരവിരുദ്ധമായിത്തോന്നാം. എന്നാൽ അവ അബോധപൂർവ്വം മത്സരത്തോടെ പെരുകുന്ന ഒരു ആന്തരികലോകമാണ് മാധവിക്കുട്ടിയുടെ സ്ത്രീകൾക്കുള്ളത്. കനമേറിയ ഈ അകം ലോകത്തിന്റെ തീവ്രതയാണ് അവരെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തയാക്കുന്നത്. സ്വന്തം കാമനകളുടെ ഉൾത്തലങ്ങളിൽ നിറഞ്ഞുവീഴുകയും അതിനനുസരിച്ച് സ്വയംഭരണാധിഷ്ഠിതമായി തങ്ങളുടെ ജീവിതത്തെ നയിക്കുകയും ചെയ്യുകയാണിവർ. അവിടെ പുരുഷന്മാർ അപ്രസക്തവും അപ്രധാനികളുമാണ്. 'കടൽമയൂരം' എന്ന കൃതിയിലെ നായിക പ്രൊഫസർ രേണുകാദേവി, അവിവാഹിതയായ അവർ റിട്ടയർമെന്റ് ജീവിതം സാമൂഹികപ്രവർത്തനത്തിനായി നീക്കിവെച്ച ഒരാളാണ്. സ്ത്രീവിമോചനസമരസേനാനി എന്ന് കഥാകാരി അവരെ വിശേഷിപ്പിക്കുന്നു. എന്നാൽ കാമനകളെക്കുറിച്ചുള്ള അവരുടെ വൈരുദ്ധ്യം നിറഞ്ഞ പരാമർശങ്ങൾ നമ്മെ ചിരിപ്പിക്കുന്നു. വി.ജെ.ടി. ഹാളിൽ ഗാന്ധിയെപ്പറ്റി പ്രസംഗിച്ച അവർ തന്നെ വിദേശയാത്രയ്ക്കായി പട്ടുസാരികളും വിലകൂടിയ വസ്ത്രങ്ങളും ധരിക്കാൻ പുറപ്പെടുന്നതിനെ അനുജത്തിയുടെ മകൾ പരിഹസിക്കുന്നു. തുടർന്ന് വിദേശയാത്രയ്ക്കിടയിൽ പരിചയപ്പെട്ട കിംസുങ് എന്ന മലേഷ്യൻ യുവാവുമായുണ്ടായ ആകർഷണവും അടുപ്പവും രേണുകയെ വലയ്ക്കുന്നു. ഇതിൽനിന്നെല്ലാം തന്റെ ആദർശാഭിനയങ്ങളും സദാചാരസൂക്തങ്ങളും തൂങ്ങിക്കിടക്കുന്ന വെറും തോരണങ്ങൾ മാത്രമാണ് എന്നവർ തിരിച്ചറിയുന്നു. അവ തന്നെ ശക്തിമതിയാക്കുകയല്ല, മറിച്ച് ദുർബ്ബലയാക്കുകയാണുണ്ടായതെന്നവർ മനസ്സിലാക്കുന്നു. ഒടുവിൽ പ്രണയത്തിലും ശാരീരികാഭിലാഷങ്ങളിലും പെട്ട രേണുക കിംസുങ്ങിന്റെ ആഗ്രഹങ്ങൾക്ക് വഴങ്ങിക്കൊടുക്കുകയാണ്. രേണുക ഒരു പുതിയ അവതാരമായി മാറി എന്ന് മാധവിക്കുട്ടി എഴുതുന്നു. സ്നേഹത്തെക്കുറിച്ചും ശരീരത്തെക്കുറിച്ചുമുള്ള സ്വതന്ത്രഭാഷ്യം കിംസൂങ്ങിലൂടെ പുറത്തുവരുന്നുണ്ട്. ശരീരകാമനകളെ ലൈംഗികത, സർഗാത്മകത, സൗന്ദര്യാസ്വാദനം, അണിഞ്ഞൊരുങ്ങൽ ഇവയൊക്കെയുമായി ബന്ധപ്പെടുത്തി പുതിയൊരു പ്രത്യയശാസ്ത്രം ചമയ്ക്കുകയാണ് മാധവിക്കുട്ടി. എന്റെ കഥ, മീനാക്ഷിയുടെ മരണം, കല്യാണിയമ്മയുടെ ഒരു ദിവസം എന്നീ കഥകളിലുമൊക്കെയായി പരന്നുകിടക്കുന്നതും ഇതേ കാഴ്ചപ്പാടാണ്. സ്ത്രീശരീരത്തിനുമേൽ പടർന്നുകിടക്കുന്ന ലിഖിതവും അലിഖിതവുമായ ഒട്ടനേകം ശാസനകളെ അവർ കാമനകൾകൊണ്ട് തട്ടിത്തെറിപ്പിച്ചു. സ്വന്തം ശരീരത്തിനുമേൽ സ്ത്രീക്കുള്ള വിനിമയാധികാരം, ആവിഷ്കാരസ്വാതന്ത്ര്യം, മേധാവിത്വം അവൾ തന്നെ എന്നാണ് ഈ കൃതികളിലെല്ലാം പറയുന്നത്. തങ്ങളുടെ ഇച്ഛകൾക്കുമേൽ സ്ത്രീകൾ തേടുന്ന സ്വാതന്ത്ര്യം പുരുഷാധിപത്യഭാവനകളെയും അവയുടെ കുടിലമായ ഹിംസാത്മകതയെയും

തകർത്തതിനാലാണ് മാധവിക്കുട്ടി അനഭിമതയും വ്യഭിചാരിണിയുമായി മുദ്രകുത്തപ്പെട്ടത്. 'മാനസി'എന്ന കൃതിയിൽ സ്ത്രീപുരുഷബന്ധത്തിലെ ചൂതാട്ടസ്വഭാവം കാണിച്ചുതരുന്നു. വെറുക്കുമ്പോഴും ആകർഷിക്കപ്പെട്ടുപോകുന്നതിലെ വൈരുദ്ധ്യം ഈ സ്ത്രീ മനോഭാവങ്ങളിലുണ്ട്. 'രോഹിണി' എന്ന കൃതിയിലും സ്ത്രീയുടെ ഈ പ്രത്യേകമായ മനോനില കാണാവുന്നതാണ്. തന്നെ ബലാൽക്കാരമായി ആക്രമിച്ച് കീഴടക്കിയ പുരുഷന്റെ നേർക്ക് പ്രണയവും, ആവേശവുമാണ് തോന്നുന്നത്. പുരുഷനോടുള്ള ആഗ്രഹങ്ങൾ നിറഞ്ഞ സ്ത്രീകളാണ് മാധവിക്കുട്ടിയുടെ കൃതികളിലേറെയും. കാമനകളുടെ ഈ ലോകം തികച്ചും ഭിന്നവർഗലൈംഗികതയിൽ ഊന്നിയുള്ളതാണ്. അപ്രകാരം ധൈഷണികമായ സ്ത്രീപുരുഷ സ്വാതന്ത്ര്യത്തിനുവേണ്ടി കൊതിക്കുന്ന, തൊട്ടാൽ തരിക്കുന്ന അനുഭൂതികളുടെ സ്പന്ദനങ്ങൾ ഓരോ വാക്കിലും സൂക്ഷ്മമായി അവർ നിറച്ചുവെച്ചു. മാധവിക്കുട്ടിയുടെ കഥകളിൽ, പുരുഷനെ കൂടാതെ വയ്യ എന്നു പറയുന്ന സ്ത്രീയും, സ്ത്രീയെ കൂടാതെ വയ്യ എന്നു പറയുന്ന പുരുഷനെയുമാണ് നാം കാണുക. അതേസമയം സ്ത്രൈണത എത്ര വ്യത്യസ്തമാണെന്നും നാം തിരിച്ചറിയുന്നു. യാന്ത്രികമായ സ്ത്രീപുരുഷതുല്യതയേക്കാൾ സ്ത്രീപക്ഷ അനന്യതയിലാണ് ഊന്നൽകൊടുത്തത്.

മാധവിക്കുട്ടിയുടെ 'തരിശുനിലം' എന്ന കഥയിലെ പുരുഷൻ തന്റേതായ സവിശേഷ സാഹചര്യത്തിൽ, ഉള്ളുതുറന്ന് അവളെ സ്നേഹിക്കാൻ കഴിയാത്ത ദുർബലനും നിസ്സഹായനുമാണ്. പുരുഷനെ കുറ്റപ്പെടുത്തുന്ന പുരുഷവർഗ്ഗത്തിൽ നിന്ന് വിമോചിതമാകാൻ ശ്രമിക്കുന്ന സ്ത്രീയല്ല മാധവിക്കുട്ടിയുടെ സ്ത്രീ. അംഗീകൃതവും സ്ഥാപിതവുമായ മൂല്യങ്ങളും നടപടിക്രമങ്ങളും ചരിത്രത്തിന്റെ സംഭാവനയാണ്. ഈ നടപടിക്രമങ്ങളുടെ സാമൂഹ്യമര്യാദകളുടെ, സദാചാരത്തിന്റെ ബലിയാടുകളായിത്തീരുകയാണ് സ്ത്രീയും പുരുഷനും. ദാഹിച്ചിരുന്ന് അവൾ നേടിയത്, സ്നേഹിക്കാൻ ധൈര്യമില്ലാത്ത നിസ്സഹായനായ ഒരു പുരുഷന്റെ അകംപൊള്ളയായ ഇരുട്ടുമാത്രമായിത്തീരുന്നു. കരിങ്കല്ലുകളും ചെറിയ മണൽത്തിണ്ണകളും നിറഞ്ഞ ആശ്മശാനത്തിലൂടെ നടന്ന്, മൈതാനവും കടന്ന്, ചെറിയ മഞ്ഞവിളക്കുകൾ കത്തുന്ന ഒരു അങ്ങാടിക്കടുത്തുള്ള ബസ്സ് സ്റ്റോപ്പിലെത്തിയപ്പോൾ അവൾ ദാഹിക്കുന്ന കണ്ണുകളോടെ പിന്നോക്കം തിരിഞ്ഞുനോക്കി. പക്ഷേ, അകംപൊള്ളയായ ഒരു കൂരിരുട്ടുമാത്രമേ അവൾക്ക് കാണാൻ കഴിഞ്ഞുള്ളൂ. 'തരിശുനിലം' എന്ന കഥയുടെ അവസാനഭാഗത്തുള്ള ഈ വരികൾ സ്ത്രീയുടെ തൃഷ്ണയെയും പകരം അവർക്ക് ലഭിക്കുന്ന സ്നേഹശൂന്യതയെയും ശക്തമായി ദ്യോതിപ്പിക്കുന്നു. ദാഹിക്കുന്ന കണ്ണുകൾ എന്നത് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങളുടെ സാമാന്യമായ ഒരു മാനസികാവസ്ഥയെ പ്രതിനിധാനം ചെയ്യുന്നു. ദാഹം തീവ്രമായ ആഗ്രഹമാണ്. നേടാനുള്ള സാധ്യത അകന്നുപോകുന്ന ചക്രവാളമായിത്തീരുമ്പോൾ ആഗ്രഹം ദാഹമായി പരിണമിക്കുന്നു. മാംസനിബന്ധമായ ഒരു വികാരമെന്നതിനേക്കാൾ മനസ്സിനെ അടക്കാൻ കഴിയാതെ ഒരു കുതിച്ചുചാട്ടമായാണ് ഈ ദാഹം അനുഭവപ്പെടുന്നത്. ശമനം അതീവ ദുഷ്പ്രാപ്യവും സ്നേഹം നിഷേധിക്കപ്പെട്ട ഒരു കഥാപാത്രമാണ് തരിശുനിലത്തിലെ 'അവൾ'. നാമരൂപങ്ങൾക്കതീതമായ, ദാഹാർത്തയായ സ്ത്രീത്വത്തിന്റെ ആവിഷ്കാരമായി അവളെ കാണണം. വിവാഹിതയായെന്നാലും അവൾ സ്നേഹിക്കപ്പെട്ടിട്ടില്ല എന്നത് അവളുടെ ദാഹത്തിന്റെ കാഠിന്യമാണ്. അവൾക്ക് സന്തോഷമുണ്ടോ എന്ന് ആരും അന്വേഷിച്ചിട്ടില്ല. അകത്തു നട്ടുവളർത്തിയ ഒരു ചെടിപോലെ അവളുടെ ഉള്ളിൽ വളർന്നുനിന്ന ഏകാന്തത പൂവിട്ടു, കായ്ച്ചു. രാത്രികളിൽ അന്യോന്യം മനസ്സിലാക്കുവാൻ മാത്രം കഴിവില്ലാത്തതുകൊണ്ട് ജീവിതത്തിൽ പരാജയപ്പെടുന്ന


ISSN: 2582 - 2594

മനുഷ്യജീവികൾ വീടുകളിലും തെരുവുകളിലും മറ്റും കിടന്ന് ഉറങ്ങുമ്പോൾ അല്ലെങ്കിൽ ദയനീയ ചില്ലറസുഖങ്ങൾക്ക് വേണ്ടി അന്യോന്യം ഉപയോഗപ്പെടുത്തുമ്പോൾ, അവൾ തന്റെ കിടക്കയിൽ കിടന്നു സ്വയം പരിശോധിക്കും. നനവില്ലാത്ത പശിമയില്ലാത്ത തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശുനിലം പോലെ നഗ്നമായി കിടക്കുകയായിരിക്കും അവളുടെ ഹൃദയം. സ്നേഹനിഷേധം മാനസികമായ അവഗണനയുടെ ഉപോത്പന്നമാകുകയാണിവിടെ. ഭർത്തൃമതിയായ അവൾ പഴയ കാമുകനുമൊത്ത് സായാഹ്നങ്ങൾ ചെലവിടുന്നത് അങ്ങനെ അപഥസഞ്ചാരമാകുന്നു. മാനസികമായും ശാരീരികമായും ഇങ്ങനെ അപഥസഞ്ചാരം ചെയ്യുന്നവരാണ് മാധവിക്കുട്ടിയുടെ സ്ത്രീകളധികവും. അതുകൊണ്ട് തന്നെ നിങ്ങൾ ഏത് വഴി സഞ്ചരിക്കണമെന്ന് സമുദായം തീരുമാനിക്കുന്നു. സമുദായത്തിന്റെ നീതിയിൽ നിന്നുള്ള വ്യതിചലനം അപഥസഞ്ചാരമായിട്ടാണിവിടെ കാണുന്നത്. നായികയുടെ സ്നേഹം അഴികളുള്ള ഒരു കൂടായിട്ടേ അയാൾ എന്നും കണക്കാക്കിയിട്ടുള്ളൂ. അവൾ ആലോചിച്ചു. അവരുടെ രണ്ടുപേരുടെയും ജീവിതത്തിലെ ഏറ്റവും മനോഹരങ്ങളായ ദിവസങ്ങളിൽക്കൂടിയും അയാൾ അവളുടെ മടിയിൽ തലചായ്ച്ചു വച്ചുകൊണ്ട് പറഞ്ഞിരുന്നു, 'നീ എന്നെ സ്നേഹിക്കേണ്ടിയിരുന്നില്ല. എന്റെ കാലിന്മേൽ ഒരു ചങ്ങലയുള്ളതുപോലെ എനിക്ക് തോന്നുന്നു.' അവളുടെ ആത്മാഭിമാനം മറ്റൊരിടത്ത് വീണ്ടും അയാളുടെ മുമ്പിൽ മുട്ടുകുത്തുകയായിരുന്നു. 'എന്നെ വെറുത്തുതുടങ്ങിയോ ഒരിക്കൽ സ്നേഹിച്ചിരുന്നതുകൊണ്ട്'' തനിക്ക് ഭ്രാന്താണ് എന്ന് പറയുന്ന നായകന്റെ സംഭാഷണം ഇവിടെ കാണാവുന്നതാണ്. ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻ കൂടി കഴിഞ്ഞില്ല എന്നുള്ള അയാളുടെ സംസാരം നിസ്സഹായതയോടെ കേൾക്കാനേ അവൾക്ക് കഴിയുന്നുള്ളൂ. ഇതിൽ നിന്നെല്ലാം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അഭിലഷിക്കുന്ന സ്ത്രീ, അവളുടെ ജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ ആണ് ഈ കഥയിലൂടെ കാണാനാവുക.

'പട്ടങ്ങൾ' എന്ന കഥയിലെ നായിക ഉന്നതകുലജാതയും ധനികയും, വിവാഹിതയുമാണ്. താൻ മനസ്സിലാരാധിച്ചിരുന്ന ബാല്യകാല സുഹൃത്തായ വാസുവിനെ വീണ്ടും കാണുന്നതോടെ അവൾ അസുഖവും ദാഹവുമുള്ളവളായിത്തീരുന്നു. പ്രണയമാണ് അസുഖവും ദാഹവും ആയി കണക്കാക്കുന്നത്. കഥാപാത്രത്തിന്റെ ഇത്തരമൊരു അശാന്തമനസ്സിന്റെ പിന്നിലെ യാഥാർത്ഥ്യങ്ങൾ വാസു എന്ന കഥാപാത്രത്തിന്റെ വിചാരങ്ങളിലൂടെയാണ് നാമറിയുന്നത്. വിശുദ്ധപ്രണയം കാത്തുസൂക്ഷിച്ച രണ്ടുപേരുടെ കൂടിക്കാഴ്ചയിലൂടെയാണ് കഥ വികസിക്കുന്നത്. ഈ കൂടിക്കാഴ്ചയ്ക്കു മുൻപേ അവൾ വിവാഹിതയായിട്ടുണ്ട്. ആ ഭർത്താവാകട്ടെ അവളുടെ രക്ഷാകർത്താവുതന്നെയാണ്. അതുകൊണ്ടാണല്ലോ കഥയുടെ അവസാനം ഗേറ്റിനു മുന്നിൽ നിർത്തിയ വാസുവിന്റെ കാറിൽനിന്നിറങ്ങി അവൾ ഭർത്താവിന്റെ കൈകളിലേക്ക് ഓടിയണയുന്നതും സത്യത്തിൽ ഭർത്താവിനോടൊപ്പമുള്ള ബാഹ്യജീവിതവും ഒരുപോലെ ഭംഗിയാക്കുകയാണ് മാധവിക്കുട്ടിയുടെ കുടുംബിനികൾ. ഈ കഥാപാത്രത്തിനു തന്നെ വേണമെങ്കിൽ നഷ്ടസ്വപ്നങ്ങളും ജീവിതവ്യഥകളുമോർത്ത് ജീവിതം ഹോമിക്കാമായിരുന്നു. പക്ഷേ തന്റെ കഥാപാത്രങ്ങളുടെ അസുഖത്തിന്റെ ഔഷധം കൃത്യമായ ചേരുവയോടെ അസാമാന്യമായ രീതിയിൽ തുറന്നുകാട്ടി. ആ കഥാപാത്രങ്ങൾ പ്രസന്നതയോടെ തന്നെ ജീവിച്ചു വിജയിച്ചു. കഥകളിലൂടെ ആവിഷ്കരിച്ച മാധവിക്കുട്ടി തന്റെ സ്ത്രീകഥാപാത്രങ്ങൾക്ക് ആവോളം സ്വാതന്ത്ര്യം കൊടുത്തു. നായികയോട് വാസു കഴിഞ്ഞ പതിനഞ്ചുകൊല്ലങ്ങളെപ്പറ്റി പറയാനാവശ്യപ്പെടുന്ന

രംഗം നോക്കുക. "എനിക്കെന്താണ് പറയുവാനുള്ളത്, എനിക്ക് സുഖമില്ല എന്നോ? എന്റെ ഭർത്താവ് എന്നെ സ്നേഹിക്കുന്നു. എന്നിട്ടും ഒരു തേവിടിശ്ശിപ്പെണ്ണിനെപ്പോലെ ഞാൻ..." എന്നുള്ള സംഭാഷണങ്ങൾ ശ്രദ്ധേയമാണ്. ഇത്തരം അസംതൃപ്തമനസ്സുകളുടെ അപഥസഞ്ചാരം മാധവിക്കുട്ടി ആഘോഷിച്ചു എന്നതുതന്നെയാണ് പരമാർത്ഥം. ഈ ധൈര്യം കാണിക്കാൻ ഇവർക്കേ കഴിഞ്ഞിരുന്നുള്ളൂ. സമൂഹത്തിലെ സദാചാര കാപട്യങ്ങളോടുള്ള വെല്ലുവിളി തന്നെയായിരുന്നു അവരുടെ രചനകളിലധികവും. പുരുഷസാന്നിധ്യമില്ലാത്ത ഒരു ജീവിതസങ്കൽപ്പം മാധവിക്കുട്ടിക്കില്ലായിരുന്നു. അവരുടെ കഥകളെല്ലാം അതിനു സാക്ഷ്യങ്ങളാണ്. പ്രണയം ഒരവസ്ഥയാണ്, സാന്ദർഭികമായി ഉണരുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരവസ്ഥ. അവിവാഹിതരിലും വിവാഹിതരിലുമൊക്കെ അന്തർലീനമായിരിക്കുന്ന ഈ ഊർജപ്രവാഹത്തെ സമൂഹത്തിന്റെ പൊതുബോധം അംഗീകരിക്കാത്തിടത്തോളം കാലം അപഥസഞ്ചാരികളും ഇത്തരം കഥാപാത്രങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കും.

'ചതുരംഗം' എന്ന കഥയിൽ സൗമ്യമൂർത്തിയെന്ന വാർധക്യത്തിന്റെ ചുളിവുകൾ വീണുകഴിഞ്ഞ പുരുഷനെ സ്നേഹിക്കുന്ന ആ സ്നേഹം ഒരു കൊട്ടുക്കുറപോലെ പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടുന്ന അചലയാണ് കഥയിലെ നായിക. സ്നേഹത്തെ മറക്കാൻ സിനിമാതിയേറ്ററിലും നിരത്തിലും കടൽത്തീരത്തുമെല്ലാം അലഞ്ഞിട്ടും അത് ആത്മീയമായ ഒരു പിടച്ചിലായി അവളെ തകർക്കുന്നു. ആത്മഹത്യ ചെയ്യാൻ ഉറക്ക ഗുളികകൾ കയ്യിലെടുത്തിട്ട് ഉപയോഗിക്കാതെ തിരിച്ചുവെയ്ക്കുന്നു. പരസ്പരതയുടെ ഉണർവും ആത്മീയമായ സ്വാതന്ത്ര്യവും നൽകിയ ബന്ധത്തെ ഉപേക്ഷിച്ച് 'ഈ ഏകാന്തതയോടാവട്ടെ നിന്റെ ഇനിയത്തെ അനുരാഗം' എന്ന് പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന അചലയിലാണ് കഥ അവസാനിക്കുന്നത്. കഥയുടെ ഉടലും ഉയിരും അനുരാഗമാണ്. ദഹിപ്പിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്ന അഗ്നിതുല്യമായ പ്രണയാനുഭവമാണ് ഈ കഥയിൽ ആഖ്യാനം ചെയ്യാൻ ശ്രമിക്കുന്നത്. ഭർത്താവ്, കാമുകൻ എന്നീ ഇരുട്ടുവഴികളിലൂടെയാണ് അചലയുടെ വിവാഹപ്രണയവും വിവാഹബാഹ്യവും ക്രമീകരിച്ചിരിക്കുന്നത്. ഭർത്താവ് സ്നേഹശൂന്യനോ ക്രൂരനോ അല്ല. കഥാപാത്ര നിർമ്മിതിയിലും ആഖ്യാനത്തിലും വിപരീത ധ്രുവങ്ങളിലേക്കുള്ള ഊഞ്ഞാലാട്ടങ്ങൾ കൊണ്ട് കർത്തൃത്വത്തെ സന്ദിഗ്ധമാക്കുന്ന രചനാകൗശലമാണ് ഈ കഥയെ ശ്രദ്ധേയമാക്കുന്നത്. അത് കുറേസമയം സ്വതന്ത്രമായ പ്രണയകാമനകളെ ഉപാസിക്കുന്നവരെയും വിവാഹമെന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിനെ നിഷ്കർഷിക്കുന്നവരെയും തൃപ്തിപ്പെടുത്തുന്നു. "ശരീരമാകുന്ന ഈ കൂട് വിട്ട് ഞാൻ അദ്ദേഹത്തിന്റെയുള്ളിൽ നിലനിൽക്കും, പിന്നെ കുറെ കൊല്ലങ്ങൾക്ക് ശേഷം അദ്ദേഹവും വെറുമൊരാത്മാവായിത്തീരുമ്പോൾ ഞങ്ങൾ രണ്ടുപേരുംകൂടി ഈ പഴയമരത്തിലേക്ക് പറന്നുവന്ന് ഇതിന്റെ ഭൗതികതയിൽ ലുങ്ങിക്കിടക്കും. ഇങ്ങനെ വിവാഹിതയായ സ്ത്രീയുടെ വിവാഹബാഹ്യമായ പ്രേമത്തെ ഭൗതിക ശരീരത്തിന്റെയും താൻ ജീവിക്കുന്ന കാലത്തിന്റെയും പരിസരത്തുനിന്ന് എടുത്തുമാറ്റി മരണാനന്തര ആത്മീയ ജീവിതമാക്കുന്നു. അതിഭൗതികതയുടെയും ആത്മീയതയുടെയും ഭാഷയിലൂടെ പ്രണയത്തിന്റെ സങ്കീർണ്ണതകളെ സമാശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. വായനക്കാരുടെ പ്രണയകർത്തൃത്വപരമായ നിലപാടുകൾ ഒത്തുതീർപ്പിന്റെ മാർഗ്ഗങ്ങളായി തെളിഞ്ഞുവരികയാണിവിടെ ചെയ്യുന്നത്."

 ISSN: 2582 - 2594

'പാതിവ്രത്യം' എന്ന കഥയിൽ ദരിദ്രനും സുമുഖനുമായ ദിലീപ് സുന്ദരിയല്ലാത്ത വിദ്യാഭ്യാസം കുറഞ്ഞ ചെറിയ കിറുക്കുള്ള സമ്പന്നയായ ജമീന്ദാർ പെൺകുട്ടിയെ വിവാഹം കഴിച്ച് ആ കുടുംബത്തിന്റെ സഹായത്തോടെ ഇംഗ്ലണ്ടിൽ ഉപരിപഠനത്തിന് പോകുന്നു. അവിടെ വിദ്യാസമ്പന്നയും സുന്ദരിയുമായ ഒരു വിദേശവനിതയെ പ്രണയിച്ച് അവളൊന്നിച്ച് തിരിച്ച് വരുന്നു. ദിലീപും ഭാര്യയും കാമുകിയും അവരോടൊപ്പമുള്ള ഡ്രൈവർ, പരിചാരകർ, കൂട്ടുകാർ ഇവർ തമ്മിലുള്ള ബന്ധമാണ് ഈ കഥയുടെ ഇതിവൃത്തം. ദിലീപനെ ആശ്രയിച്ചാണ് ഭാര്യയുടെയും കാമുകിയുടെയും ജീവിതം. ഭാര്യയെയും തന്നെ സഹായിച്ച അവളുടെ കുടുംബത്തെയും ഓർത്ത് 'ജില്ല' എന്ന കാമുകിയുമായുള്ള ബന്ധം തുടങ്ങാതിരിക്കുകയോ ഒഴിവാക്കാനോ അയാൾക്ക് കഴിഞ്ഞില്ല. അയാൾ തന്നെ പറയുന്നതുപോലെ 'ജിൽ' ഇന്ത്യയിലേക്ക് വരുന്നത് ഒഴിവാക്കിയില്ല. ഭാര്യയെയും കാമുകിയെയും അവർ സ്നേഹിക്കാനാകാത്തതുപോലെ സ്നേഹിക്കാനായില്ല. എന്നാൽ തനിക്ക് സ്നേഹിക്കാനാകാത്ത ഭാര്യയെ ഉപേക്ഷിച്ച് കാമുകിക്കൊപ്പം സന്തോഷമായി ജീവിക്കാൻ തീരുമാനിക്കാനും അയാൾ തയ്യാറായില്ല. ഫ്യൂഡൽ സൗകര്യങ്ങളും ആധുനിക ജീവിതരീതിയെ ഒന്നിച്ച് എത്തിപ്പിടിക്കാനുള്ള ശ്രമത്തിൽ ഉണ്ടാകുന്ന ദുരന്തം ആണ് ഈ കഥ വ്യക്തമാക്കുന്നത്.

**ഉപസംഹാരം**

മാധവിക്കുട്ടിയുടെ ഈ കഥകളിലൂടെയെല്ലാം സ്ത്രീജീവിതത്തിന്റെ പരിമിതികളും മനസ്സിന്റെ ഉദാത്തതകളും പറയുന്നുണ്ട്. ഭർത്താവിനെ കിട്ടലാണ് ഒരു സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം. അച്ഛനും സഹോദരനും, ഭർത്താവും മകനും അമ്മാവനുമൊക്കെ വിശാലമനസ്കരാകുന്നതോടെ അവരുടെ ജീവിതം വികസിക്കുന്നു. അവരുടെ മാനസിക സങ്കുചിതത്വം സ്ത്രീയുടെ ജീവിതം തന്നെ ചുരുക്കുന്നു. പക്ഷേ ഈ ഭൗതിക പരിമിതികൾക്കുള്ളിലും, വിഭ്രാന്തികൾക്കുള്ളിലും സ്ത്രീകൾ മാനസികമായി ധന്യരാകാറുണ്ടെന്നാണ് മാധവിക്കുട്ടി പറയുന്നത്. മാധവിക്കുട്ടിയുടെ ഓരോ സ്ത്രീയും പലപ്പോഴും തന്നോട് തന്നെ കലഹിക്കുന്നവരാണ്. സമൂഹത്തോടും സാഹചര്യങ്ങളോടും കലഹിക്കാൻ മാത്രം ശക്തരല്ല, അവരുടെ മനസ്സും ശരീരവുമെന്നാണ് കഥാകാരിയുടെ മതം. സ്ത്രീയുടെ ചരിത്രപരമായ അസ്വതന്ത്രതയ്ക്കും സ്ത്രീയെ വെറുമൊരു ലഹരിപദാർത്ഥം മാത്രമായിക്കാണുന്ന പുരുഷന്റെ നാട്യങ്ങൾക്കുമെതിരെ ചരിത്രത്തിനു മുഖാമുഖം നിന്നുകൊണ്ട് ഒരു സമരമല്ല ഈ കലാപം എന്നതാണ് മാധവിക്കുട്ടിയുടെ കഥകളുടെ ദൗർബല്യം. കഥകൾക്ക് സൗന്ദര്യത്തിന്റെ തലത്തിൽ മാറ്റുകൂട്ടുന്ന ഘടകമാണ് വ്യക്തിനിഷ്ഠമായ ഈ കലാപമെന്നത് ശ്രദ്ധേയമാണ്. പലപ്പോഴും ഉയർന്ന മധ്യവർഗത്തിന്റെ പൊങ്ങച്ചവും നാട്യങ്ങളും അകംപൊള്ളയായ ജീവിതശൈലിയും ഈ കഥകളിലെല്ലാം തുറന്നുകാട്ടുന്നു. സ്നേഹശൂന്യമായ നാട്യങ്ങളുടെയും വേഷപ്പകർച്ചകളുടെയും ലോകമാണ് നഗരത്തിലെ ഉയർന്ന മധ്യവർഗത്തിന്റെ ജീവിതമെന്ന് ഇവിടെ കണ്ടെത്താനാവും. മാധവിക്കുട്ടിയുടെ സ്ത്രീകളെല്ലാം അസംതൃപ്തരും സ്നേഹം നിഷേധിക്കപ്പെട്ടവരുമാണ്. സങ്കൽപ്പത്തിന്റെയും സ്വപ്നങ്ങളുടെയും ലോകത്തിൽ സ്വാതന്ത്ര്യം സാക്ഷാത്ക്കരിക്കുകയാണ് കലാപകാരികളായ ഈ സ്ത്രീകളെല്ലാം. എന്നിട്ട് നേടുന്നത് അകംപൊള്ളയായ ഇരുട്ടുമാത്രവും. സ്നേഹം

ഒരു പ്രശ്നവും പ്രശ്നപരിഹാരവുമായിത്തീരുന്നു. സ്ത്രീയുടെ സാമൂഹികമായ നിലപാടുകൾ അവളുടെ സ്ഥാനം, ചരിത്രത്തിലും നിർമ്മിതിയിലും അനുഭവത്തിലും സ്ത്രീക്കുള്ള പങ്ക്, സമകാലീന പരിതസ്ഥിതികളിലെ സ്ത്രീയുടെ സാമൂഹിക പദവി എന്നിങ്ങനെയുള്ള ഒട്ടേറെ പ്രശ്നങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്.

## സഹായക ഗ്രന്ഥങ്ങൾ


1. വാസുദേവൻ നായർ കളർകോട് (എഡി), 2010, തരിശുനിലത്തിന്റെ കഥകൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
2. ഡോ. മിനിപ്രസാദ് (എഡി), 2011, മാധവിക്കുട്ടിക്കഥകൾ ഒരു പെൺവായന, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. രാജീവ് കുമാർ, എം. (എഡി), 2011, മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം, കാലം പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. മാധവിക്കുട്ടി (എഡി), 1998, മാധവിക്കുട്ടിയുടെ പ്രേമകഥകൾ, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. രാമകൃഷ്ണൻ, ഇ.വി. (എഡി), 2011 മാധവിക്കുട്ടി പഠനങ്ങളും രചനകളും, ഡി.സി. ബുക്സ്, കോട്ടയം.
6. Kate Millett (ed), 1970, Sexual Politics, Double day Publications, New York.



ISSN: 2582 - 2594